**ആറാം സ്കന്ദം ആരംഭം**

സകൃന്മന: കൃഷ്ണപദാരവിന്ദയോർന്നിവേശിതം തദ്ഗുണരാഗി യൈരിഹ
നതേ യമം പാശഭൃതശ്ച തദ്ഭടാൻ സ്വപ്നേ$f$പി പശ്യന്തി ഹിചീർണ്ണനിഷ്കൃതാ: **(6-1-19)**

പരീക്ഷിത്ത് ചോദിച്ചു: "അല്ലയോ മഹാത്മാവേ, നരകത്തിലേക്കു പോകുന്നതിൽനിന്നും ഒരുവനെങ്ങിനെ രക്ഷനേടാനാവും എന്നു പറഞ്ഞു തന്നാലും."

ശുകമുനി പറഞ്ഞു: മരണത്തിനുമുൻപ് ഒരുവൻ സ്വയം പാപങ്ങൾ ചെയ്തവനെന്നു തിരിച്ചറിഞ്ഞ് പ്രായശ്ചിത്തം ചെയ്യുകയാണെങ്കിൽ അവന് നരകത്തിൽ പോകേണ്ടി വരികയില്ല. അല്ലെങ്കിൽ അതനിവാര്യമത്രെ.

പരീക്ഷിത്ത് വീണ്ടും ചോദിച്ചു: "ഭഗവൻ, ഒരുവൻ ആത്മനിയന്ത്രണം നഷ്ടപ്പെട്ടതുകൊണ്ടാണല്ലോ പാപം ചെയ്യുത്. ആത്മനിയന്ത്രണമില്ലാത്തവർ വീണ്ടുംവീണ്ടും പാപകർമ്മങ്ങൾ ആവർത്തിക്കുന്നു. എങ്ങിനെയാണ് ഒരുവൻ തന്റെ പാപകർമ്മങ്ങൾ നിർത്തിവെച്ച് മുൻപാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യുത്? അവൻ തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്താലും, സ്വയം നിയന്ത്രണം ഇല്ലാത്തതിനാൽ അവൻ വീണ്ടും പാപം ചെയ്യുകയും പ്രായശ്ചിത്തം വെറുമൊരു അപഹാസവുമാവുകയും ചെയ്യും."

ശുകമുനി പറഞ്ഞു: നിങ്ങൾ പറഞ്ഞത് തികച്ചും ശരിയാണ്. പ്രായശ്ചിത്തം മാത്രം കൊണ്ട് പാപത്തിന് പരിഹാരം മുഴുവനുമായില്ല. ഒരു രോഗം മാറുവാൻ മരുന്നു കഴിച്ചാൽ മതിയാവും, എന്നാൽ അത് നിശ്ശേഷമായി മാറ്റാൻ അതിന്റെ മൂലകാരണത്തെ ഇല്ലായ്മ ചെയ്യണം. ഉദാഹരണത്തിന് അനുയോജ്യമല്ലാത്ത ഭക്ഷണം അയാൾ ഉപേക്ഷിക്കണം. സദ്ഗുണങ്ങളായ ദയ, സത്യം, ബ്രഹ്മചര്യം എന്നിവയിലൂടെയും ധാർമ്മീകാചാരങ്ങൾ പാലിക്കുന്നതിലൂടെയും ഒരുവന് പാപവാസനയിൽനിന്നും മോചനമുണ്ടാവുന്നു. എന്നാൽ ഭഗവാൻ വാസുദേവനോട് ഭക്തിയുള്ളവന്റെ മുൻപാപങ്ങളടക്കം എല്ലാം ക്ഷണേന വേരോടെ അറ്റു പോവുന്നു. ഒരു പാപിക്ക് ഭഗവൽഭക്തസേവനത്തിലുപരി മറ്റൊരു ശുദ്ധീകരണോപായവുമില്ല തന്നെ. മറ്റേതു മാർഗ്ഗവും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അപൂർണ്ണമാണ്. ഭക്തിമാർഗ്ഗം തികച്ചും ഫലപ്രദവും ഒരിക്കലും തെറ്റുപറ്റാത്തതുമാണ്. വാസ്തവത്തിൽ ഭഗവാൻ നാരായണനോട് ഭക്തിയില്ലാതെ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് വൃഥാവ്യായാമമത്രെ. ഭഗവാൻ ശ്രീകൃഷ്ണന്റെ താമരപ്പാദങ്ങളിൽ ജീവിതത്തിലൊരിക്കലെങ്കിലും മനസ്സർപ്പിച്ച ഒരുവന് സ്വപ്നത്തിൽ പോലും യമഭടന്മാരെ കാണേണ്ടതായി വരുന്നില്ല. കാരണം അവരുടെ പാപങ്ങൾക്ക് പരിഹാരമായി കഴിഞ്ഞുവല്ലൊ. ഇതിനുപോൽബലകമായി ജ്ഞാനികൾ ഒരു കഥ പറയുന്നു.

കന്യാകുബ്ജം എന്ന സ്ഥലത്ത് അജാമിളൻ എന്നു പേരായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. ബ്രാഹ്മണർക്ക് വിധിച്ചിട്ടുള്ള ആചാരമര്യാദകളോ ധർമ്മമാർഗ്ഗങ്ങളോ അനുസരിക്കാതെ, സദാചാര വിരുദ്ധയായ ഒരു സ്ത്രീയുടെ കൂടെയാണയാൾ താമസിച്ചിരുന്നത്. അവർക്ക് പത്തു മക്കളുമുണ്ടായിരുന്നു. അവരെ പോറ്റാനായി ബ്രാഹ്മണൻ കൊള്ളയും കൊലയും ചെയ്ത് മറ്റു പലേ പാപകർമ്മങ്ങളും ചെയ്ത് എൺപത്തിയെട്ടു വയസ്സുവരെ അയാൾ ജീവിച്ചു. മരണം തന്നെ തീണ്ടുമെന്ന് അയാൾ ഒരിക്കലും വിചാരിച്ചിരുന്നില്ല. എന്നാൽ സമയമടുത്തപ്പോൾ യമഭടന്മാർ അവരുടെ ഭീകരരൂപത്തിൽ അജാമിളനെ കൊണ്ടുപോവാൻ വന്നു. അപ്പോൾ അയാൾ തനിക്കു പ്രിയപ്പെട്ട ഇളയമകൻ നാരായണനെ പേരു പറഞ്ഞു വിളിച്ചു. ഭഗവൽനാമശ്രവണമാത്രയിൽ സ്വർഗ്ഗത്തിൽ നിന്നും ഭഗവൽദൂതർ വന്ന് യമഭടന്മാരെ തുരത്തി അജാമിളനു രക്ഷയേകി.